**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1078** **11-02-2025 - ൽ മറുപടിയ്ക്ക്**

**മയിലാട്ടുംപാറ ശുദ്ധജല വിതരണ പദ്ധതിയുടെ വൈദ്യുതി കണക്ഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | എൽ.എ.സി. എ.ഡി.എസ്. മുഖേന നടപ്പിലാക്കുന്ന കടുത്തുരുത്തി നിയോജക മണ്ഡലത്തിലെ മയിലാട്ടുംപാറ ശുദ്ധജല വിതരണ പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ; | (എ) | എൽ.എ.സി-എ.ഡി.എസ് മുഖേന നടപ്പിലാക്കുന്ന കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ മൈലാട്ടുംപാറ ശുദ്ധജല വിതരണ പദ്ധതിയുടെ ഭാഗമായിട്ടുള്ള 35000 Ltr OHSR, 110mm PVC (12.5kg/cm 2) -1800m, 100mm, GI-30m എന്നിവ പൂർത്തിയായിട്ടുണ്ട്. പമ്പ് സെറ്റ് സ്ഥാപിക്കുന്ന പ്രവർത്തിയ്ക്കായി പമ്പ് സെറ്റിന് കരാറുകാരൻ സപ്ലൈ ഓർഡർ നൽകിയിട്ടുണ്ട്. പമ്പ് സെറ്റ് സ്ഥാപിക്കുന്ന പ്രവർത്തി 20/02/2025 ന് മുൻമ്പായി പൂർത്തീകരിക്കാൻ സാധിക്കും. |
| (ബി) | പ്രസ്തുത പദ്ധതിക്ക് കെ.എസ്.ഇ.ബി. കണക്ഷൻ നൽകുന്നതിന് ഉണ്ടായിരിക്കുന്ന കാലതാമസം വിശദീകരിക്കാമോ; പ്രസ്തുത പദ്ധതിക്കായി കേരളാ വാട്ടർ അതോറിറ്റി കെ.എസ്.ഇ.ബി. ക്ക് കണക്ഷൻ ചാർജ് അടച്ചിട്ടുണ്ടോ; ആയത് എന്നേക്ക് അടയ്ക്കുവാൻ കഴിയും എന്നറിയിക്കാമോ; | (ബി) | പ്രസ്തുത പദ്ധതിക്കായി കെഎസ്ഇബി കണക്ഷൻ ലഭിക്കുന്നതിനാവശ്യമായ തുക ഭരണാനുമതിയിൽ ഉൾപ്പെടുത്തിയിരുന്നില്ല. ആയതിനാൽ കെ.എസ്.ഇ.ബി ചാർജ്ജ് ഉൾപ്പെടുത്തി ടി പ്രവർത്തിയുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കുകയും കെ.എസ്.ഇ.ബി കണക്ഷൻ ചാർജ് ഇനത്തിൽ കൊടുക്കാനുള്ള തുകയായ Rs.1,57,666 രൂപ 30.01.2025 തിയതിയിലെ ചെക്ക് നം.1219018 മുഖേന 02.02.2025-ന് തിരുവനന്തപുരം ഡിസ്ട്രിക്റ്റ് ട്രഷറിയിൽ സമർപ്പിച്ചിട്ടുണ്ട്. |
| (സി) | കെ.എസ്.ഇ.ബി. കണക്ഷൻ സംബന്ധിച്ച് കേരളാ വാട്ടർ അതോറിറ്റി കടുത്തുരുത്തി എക്സിക്യൂട്ടീവ് എഞ്ചിനീയർ 23/01/2025 ൽ നൽകിയ കത്തിൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ; | (സി) | **എൽ.എ.സി-എ.ഡി.എസ് മുഖേന നടപ്പിലാക്കുന്ന കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ മയിലാട്ടുംപാറ ശുദ്ധജല വിതരണ പദ്ധതിയുടെ കെ.എസ്.ഇ ബി കണക്ഷൻ ചാർജ് ഇനത്തിൽ കൊടുക്കാനുള്ള തുകയായ Rs.1,57,666/- രൂപ 30.01.2025 തിയതിയിലെ ചെക്ക് നം.1219018 മുഖേന 02.02.2025-ന് തിരുവനന്തപുരം ഡിസ്ട്രിക്റ്റ് ട്രഷറിയിൽ സമർപ്പിച്ചിട്ടുണ്ട്.** |
| (ഡി) | പ്രസ്തുത ശുദ്ധജല പദ്ധതി എന്നത്തേക്ക് കമ്മീഷൻ ചെയ്യാൻ കഴിയും എന്ന് വ്യക്തമാക്കാമോ? | (ഡി) | പദ്ധതി 15/03/2025 ഓടു കൂടി കമ്മീഷൻ ചെയ്യുവാൻ സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ